ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1139

# സൂറ – 39 / അസ്സുമർ

## സൂക്തം: 53 – 55

അല്ലാഹുവിന്റെ ശിക്ഷയിറങ്ങുന്നത് അത് ഏൽക്കുന്നവർക്ക് മുൻകൂട്ടി നോട്ടീസ് നൽകിയിട്ടല്ല. മരണത്തിനും മുന്നറിയിപ്പുണ്ടാവില്ല. നിങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് തികച്ചും ആകസ്മികമായിട്ടായിരിക്കും അത് വന്നു പതിക്കുക. അല്ലാഹു താക്കീതു ചെയ്ത ശിക്ഷയാണീ സംഭവിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള അവസരം പോലും അപ്പോൾ കിട്ടുകയില്ല. എന്നിരിക്കെ തൗബ ചെയ്യാനും അല്ലാഹുവിങ്കലേക്കു മടങ്ങാനും ആർക്കെങ്കിലും സാധിക്കുന്നതെങ്ങനെ?

قُلْ يَٰعِبَادِيَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ
ٱللَّهِ ۚ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥٣﴾

53. പ്രവാചകൻ പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം ചെയ്തവരായ എന്റെ അടിമകളേ, ദൈവകാരുണ്യത്തിൽ നിരാശപ്പെടേണ്ടതില്ല. സകല പാപങ്ങളും അല്ലാഹു പൊറുത്തുതരും. അവൻ ഏറ്റം പൊറുക്കുന്ന കരുണാമയൻ തന്നെയാകുന്നു.

**53**

قُلْ = നീ (പ്രവാചകൻ) പറയുക يَا عِبَادِيَ = എന്റെ അടിമകളേ

الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ = അവരുടെ (സ്വന്തം) ആത്മാക്കളോട് അതിക്രമം ചെയ്തവരായ

لَا تَقْنَطُوا = നിങ്ങൾ നിരാശപ്പെടേണ്ട(തില്ല) مِن رَّحْمَةِ اللَّهِ = അല്ലാഹുവിന്റെ കാരുണ്യത്തിൽ

إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا = തീർച്ചയായും അല്ലാഹു സകല പാപങ്ങളും പൊറുക്കും (പൊറുത്തുതരും)

إِنَّهُ هُوَ الْغَفُورُ الرَّحِيمُ = അവൻ ഏറ്റം പൊറുക്കുന്ന കരുണാമയൻ തന്നെയാകുന്നു

വിശുദ്ധ ഖുർആനിലെ ഏറ്റം പ്രതീക്ഷാനിർഭരമായ സൂക്തമാണിതെന്ന് ഇമാം ശൗക്കാനി പ്രസ്താവിച്ചിരിക്കുന്നു. കാരണം എല്ലാ ദൈവദാസന്മാർക്കും പാപമുക്തിയുടെയും ദൈവകാരുണ്യത്തിന്റെയും മഹത്തായ ആശയമുണ്ടതിൽ. തന്റെ സൃഷ്ടികളെ ശിക്ഷിക്കുന്നതിലല്ല; അവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുത്ത് രക്ഷിക്കുന്നതിലാണ് പരമകാരുണികനായ അല്ലാഹുവിന് താൽപര്യം. അതുകൊണ്ട് മാപ്പിന്റെയും പാപമോചനത്തിന്റെയും കവാടങ്ങൾ അവൻ എല്ലാവർക്കുമായി സദാ തുറന്നിട്ടിരിക്കുന്നു. പാപങ്ങൾ എത്ര പെരുത്തതായാലും ഭയങ്കരങ്ങളായാലും പൊറുത്തുകൊടുക്കും. ഏറ്റം പൊറുക്കുന്ന പരമകാരുണികൻ എന്ന അവന്റെ വിശേഷണത്തിന്റെ താൽപര്യമാണത്. അവന്റെ ഈ ഗുണങ്ങൾ അതിരും എതിരുമില്ലാത്തതാണ്. ഞാൻ ഏറെ പാപങ്ങൾ ചെയ്തിരിക്കുന്നു. കൊടിയ ധർമധിക്കാരങ്ങൾ, ദൈവനിന്ദകൾ. അതെല്ലാം അല്ലാഹു പൊറുക്കുമെന്ന് പ്രതീക്ഷിക്കുന്നതെങ്ങനെ എന്ന് നിരാശപ്പെടേണ്ട. പാപങ്ങൾ എത്ര പെരുത്തതായാലും എല്ലാം അവൻ പൊറുത്തുതരും. പൊറുത്തുകിട്ടണമെന്ന് മനുഷ്യൻ ആത്മാർഥമായി ആഗ്രഹിക്കണമെന്നു മാത്രം. പൈശാചിക പ്രചോദനങ്ങൾക്കും ജഡികാസക്തികൾക്കും അടിപ്പെട്ട് അല്ലാഹുവിൽനിന്ന് അകന്നു പോകുന്നവരാണ് പാപികളും ദുഷ്ടരുമായിത്തീരുന്നത്. ആളുകളെ അല്ലാഹുവിൽനിന്ന് അകറ്റുന്നതിനുവേണ്ടി ചെകുത്താൻ അവർക്ക് കൃത്രിമ ദൈവങ്ങളെ സൃഷ്ടിച്ചു കൊടുക്കുന്നു. ആ മിഥ്യകളിൽ എത്രത്തോളം വിശ്വസിക്കുന്നുവോ

അത്രത്തോളം അവർ സത്യദൈവത്തിൽനിന്ന് അകലുന്നു. പിന്നെ ചെകുത്താനും ദേഹേഛകളും ആവശ്യപ്പെടുന്ന എല്ലാ തിന്മകളും ചെയ്യാൻ തയാറാകുന്നു. അത്തരക്കാർ എപ്പോഴെങ്കിലും മിഥ്യാദൈവങ്ങളെ വർജിച്ച് സത്യദൈവത്തിലേക്കു മടങ്ങാൻ തയാറായാൽ അല്ലാഹു അവരെ ഇരുകൈകളും നീട്ടി കനിവോടെ, കാരുണ്യത്തോടെ കൈക്കൊള്ളുന്നു. 'എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഞാൻ ഒരു മുഴം അവനിലേക്ക് അടുക്കും, അവൻ എന്നിലേക്ക് നടന്നടക്കുന്നുവെങ്കിൽ ഞാൻ അവനിലേക്ക് പാഞ്ഞടുക്കും' എന്ന് അവൻ പറഞ്ഞിരിക്കുന്നു എന്നാണ് നബി(സ) അല്ലാഹുവിന്റെ സ്നേഹവായ്പിനെ വർണിച്ചിട്ടുള്ളത്. അതിനാൽ ആത്മാർഥമായി അവനിലേക്ക് മടങ്ങിച്ചെല്ലുന്ന ആർക്കും നിരാശപ്പെടേണ്ടിവരില്ല. ഒരർഥത്തിൽ സത്യദൈവത്തിലുള്ള ആശയും പ്രതീക്ഷയും തന്നെയാണല്ലോ സത്യവിശ്വാസം. إِنَّهُ لَا يَيْأَسُ مِن رَّوْحِ اللَّهِ إِلَّا الْقَوْمُ الْكَافِرُونَ (അല്ലാഹുവിനെ നിഷേധിക്കുന്ന ജനങ്ങൾ മാത്രമേ അവന്റെ കാരുണ്യത്തിൽ നിരാശരാകൂ -12:87). وَالَّذِينَ كَفَرُوا بِآيَاتِ اللَّهِ وَلِقَائِهِ أُولَٰئِكَ يَئِسُوا مِن رَّحْمَتِي (അല്ലാഹുവിന്റെ സൂക്തങ്ങളെയും അവനെ കണ്ടുമുട്ടുന്നതിനെയും നിഷേധിക്കുന്നവരാകുന്നു എന്റെ കാരുണ്യത്തിൽ നിരാശരാകുന്നവർ -29:23).

يَا عِبَادِيَ -എന്റെ അടിമകളേ- എന്ന വിളിയിൽ തന്നെ അടിമകളോടുള്ള അല്ലാഹുവിന്റെ കനിവ് കിനിയുന്നുണ്ട്. അവരെ വിശേഷിപ്പിക്കുന്നതാകട്ടെ, പാപികൾ എന്നോ എന്റെ വിരോധികളായവർ എന്നോ അല്ല. പ്രത്യുത തങ്ങളെ തന്നെ ധൂർത്തടിച്ചവർ - الذين اسرفوا على انفسهم എന്നാണ് اسراف-ൽനിന്നുള്ള ക്രിയയാണ് أَسْرَفُوا. ഇസ്റാഫിന്റെ മൗലികമായ അർഥം അമിതമാവുകയും പരിധി ലംഘിക്കുകയുമാണ്. ധനവ്യയത്തിലുള്ള പരിധി വിടലും അമിതത്വവും എന്ന അടിസ്ഥാനത്തിൽ ധൂർത്തും ദുർവ്യയവും اسراف ആകുന്നു. സത്യത്തിന്റെയും ധർമത്തിന്റെയും നീതിയുടെയും അതിരുകൾ മാനിക്കാതെ ചരിക്കുന്ന അക്രമികളെ مُسْرِفُون എന്നു പറയുന്നു. സുഖലോലുപനും مسرف ആണ്. കൊടും പാപങ്ങൾ ചെയ്തവരാണ് ഇവിടെ ഉദ്ദേശ്യം. ഖുർആന്റെ വീക്ഷണത്തിൽ ഒരാൾ ചെയ്ത പാപം ആത്യന്തികമായി അയാൾ തന്നോടുതന്നെ ചെയ്ത അക്രമമാകുന്നു. ഒരാൾ ചെയ്ത പുണ്യം തനിക്കുവേണ്ടിത്തന്നെ ചെയ്ത സേവനവും. കർമത്തിന്റെ ഫലം അതിന്റെ കർത്താവിനു ലഭിക്കുക എന്നത് ഈ പ്രപഞ്ചത്തിന് അല്ലാഹു നിശ്ചയിച്ച വ്യവസ്ഥയുടെ ഭാഗമാണ്. കർമഫലം ചിലപ്പോൾ രണ്ടു ലോകത്തും ലഭിക്കും. ഈ ലോകത്ത് ലഭിച്ചില്ലെന്നും വരാം. ഇവിടെ ലഭിച്ചാലും ഇല്ലെങ്കിലും പരലോകത്ത് ലഭിക്കുമെന്ന് ഉറപ്പാണ്. ഈ ലോകത്ത് തിന്മ ചെയ്തിട്ട് എത്ര വലിയ നേട്ടങ്ങളുണ്ടാക്കിയാലും പരലോകത്ത് ലഭിക്കുന്ന കർമഫലം ആ നേട്ടങ്ങളെ ക്ഷണികവും ക്ഷുദ്രവുമാക്കുന്ന തരത്തിലുള്ള കൊടൂരവും സ്ഥിരവുമായ ശിക്ഷയായിരിക്കും. അതുകൊണ്ടാണ് പാപികൾ അവരോടു തന്നെ ചെയ്യുന്ന അതിക്രമമാണ് പാപങ്ങൾ എന്നു പറയുന്നത്. പരലോകത്ത് നിത്യമായി അനുഭവിക്കേണ്ടിവരുന്ന മഹാദുരിതത്തിൽനിന്ന് തന്റെ ദാസന്മാരെ രക്ഷിക്കാൻ വേണ്ടിയാണ് അവൻ സൽക്കർമമനുഷ്ഠിക്കാനും ദുഷ്കർമം വർജിക്കാനും ഉപദേശിക്കുന്നത്. അല്ലാതെ മനുഷ്യൻ പുണ്യകർമം ചെയ്താൽ അല്ലാഹുവിന് നേട്ടമുണ്ടാകുന്നതുകൊണ്ടോ പാപം ചെയ്താൽ ദോഷമുണ്ടാകുന്നതുകൊണ്ടോ അല്ല. ഖുർആൻ വ്യത്യസ്ത രീതിയിൽ ഈ സന്ദേശം ആവർത്തിച്ചു പറയുന്നുണ്ട്. مَّنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا (സന്മാർഗം പ്രാപിക്കുന്നവൻ തനിക്കു വേണ്ടിത്തന്നെയാണ് സന്മാർഗസ്ഥനാകുന്നത്. ദുർമാർഗം കൈക്കൊള്ളുന്നവൻ അതു കൈക്കൊള്ളുന്നതും തനിക്കു വേണ്ടിത്തന്നെ - 17:15). مَا كَانَ اللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ (അല്ലാഹുവിന് അവരെ അക്രമിക്കേണ്ടതുണ്ടായിരുന്നില്ല. പക്ഷേ, അവർ തന്നെ അവരെ അക്രമിക്കുകയായിരുന്നു - 30:9, 9:70, 29:40) എന്ന് ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്ന ജനതകളെക്കുറിച്ച് അല്ലാഹു ആവർത്തിച്ചു പറയുന്നുണ്ട്.

ഇവിടെ عِبَادِي -എന്റെ ദാസന്മാർ- എന്നു സംബോധന ചെയ്യപ്പെടുന്നവരിൽ സത്യവിശ്വാസിയും കപടവിശ്വാസിയും ആസ്തികനും നാസ്തികനും ധിക്കാരപൂർവം പാപം ചെയ്തവരും സാഹചര്യങ്ങളുടെ പ്രേരണയാൽ പാപം ചെയ്തവരും എല്ലാം ഉൾപ്പെടുന്നു. സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ അടിമകളാണല്ലോ. എല്ലാ വിഭാഗത്തിൽ പെട്ട ആളുകൾക്കും അല്ലാഹു നൽകുന്ന വിശേഷമാണിത്. ഈ സൂക്തം വിശദീകരിച്ചുകൊണ്ട് പൂർവിക പണ്ഡിതന്മാർ പറയുന്നു: ഏറെക്കാലം പ്രവാചകനെ തള്ളിപ്പറയുകയും വിശ്വാസികളെ കഠിനമായി മർദിക്കുകയും പാപകൃത്യങ്ങൾ നിർബാധം ചെയ്തുകൂട്ടുകയും ചെയ്ത ചിലർക്ക് പിന്നീട് അതൊക്കെ തെറ്റായിപ്പോയെന്നും പ്രവാചകനെ അംഗീകരിക്കുകയായിരുന്നു നല്ലതെന്നും തോന്നിത്തുടങ്ങി. പക്ഷേ, തങ്ങൾ ഏറെക്കാലം വിഗ്രഹാരാധന ചെയ്തു. പ്രവാചകനെയും ശിഷ്യന്മാരെയും പീഡിപ്പിച്ചു. അവർ വിലക്കിയ സകല തിന്മകളും വാശിയോടെ ചെയ്തുകൊണ്ടിരുന്നു. ഇനി ഇസ്‌ലാമിൽ ചേർന്നാലും ഇല്ലെങ്കിലും നരകം തങ്ങൾക്ക് ഉറപ്പായിക്കഴിഞ്ഞിരിക്കുന്നു. ഈ നിരാശയോടെ അവർ പഴയ ജീവിതക്രമം തന്നെ തുടരാൻ തീരുമാനിച്ചു. അക്കൂട്ടത്തിലൊരാളായിരുന്നു പ്രവാചകന്റെ പിതൃവ്യനായ ഹംസ(റ)യുടെ ഘാതകനായ വഹ്ശി. ഉഹുദ് യുദ്ധവേളയിലാണ് അയാൾ ഹംസ(റ)യെ വധിച്ചത്. അനന്തരം അയാൾ ഓടിപ്പോയി. പിന്നീട് സ്വന്തം പ്രവൃത്തിയിൽ ഖേദം തോന്നിയെങ്കിലും ഹംസയുടെ ഘാതകനായ തനിക്ക് പ്രവാചകനോ മുസ്‌ലിംകളോ മാപ്പു നൽകില്ലെന്നും അല്ലാഹുവും തന്റെ മഹാപാപം പൊറുക്കുകയില്ലെന്നും കരുതിയ വഹ്ശി ധർമാധർമങ്ങൾ പരിഗണിക്കാതെ അരാജക ജീവിതം നയിക്കുകയായിരുന്നു. അയാൾ ഹിംയർ ഗോത്രത്തിന്റെ പ്രദേശത്ത് ചെന്നു താമസിച്ചു. അവിടെയെത്തിയ ഒരു പ്രവാചക ശിഷ്യനോട് തന്റെ നൈരാശ്യം പങ്കുവെച്ചപ്പോൾ അദ്ദേഹം അയാളെ ഈ സൂക്തം ഓതിക്കേൾപ്പിച്ചു. ഉടനെ വഹ്ശി പ്രവാചക സന്നിധിയിലെത്തി ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു. ഇസ്‌ലാം സത്യമാണെന്ന് ബോധ്യമുണ്ടായിട്ടും കുടുംബത്തിന്റെയും സമുദായത്തിന്റെയും അപ്രീതി ഭയന്ന് ജാഹിലിയ്യത്തിൽ തുടർന്ന ചിലരും ഇങ്ങനെ നിരാശപ്പെട്ടവരായി ഉണ്ടായിരുന്നു. ഈ സൂക്തം നൽകുന്ന ശുഭപ്രതീക്ഷയാൽ പ്രചോദിതരായി അത്തരക്കാരും ഇസ്‌ലാമിലേക്കു കടന്നുവരികയുണ്ടായി.

പ്രവാചക ഭക്തി മൂത്ത ചിലയാളുകൾ قُلْ يَا عِبَادِيَ- നീ പറയുക, എന്റെ അടിമകളേ - എന്ന വാക്കിനെ ഇങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നു: ജനങ്ങളെ 'എന്റെ അടിമകളേ' എന്നു വിളിക്കാൻ അല്ലാഹു പ്രവാചകനോട് കൽപിച്ചിരിക്കുന്നു. ജനങ്ങളൊക്കെയും മുഹമ്മദ് നബിയുടെ അടിമകളാകുന്നു

നെയാണെന്ന് പ്രവാചകനോട് പറയുകയാണ് قُلْ എന്ന വാക്കിലൂടെ, തുടക്കത്തിലെ قُلْ ഇല്ലെങ്കിലും സൂക്തത്തിന്റെ ആശയം പൂർണമാകും. പക്ഷേ, ആ പദം നിലനിർത്തേണ്ടത് രണ്ടു കാരണത്താൽ അനിവാര്യമാകുന്നു: 1) നാം ഒരാളെ മറ്റൊരാൾക്ക് ഒരു സന്ദേശമെത്തിക്കാൻ നിയോഗിക്കുമ്പോൾ; നിങ്ങൾ, ഞാൻ ഇപ്രകാരം അറിയിക്കുന്നതായി അയാളോട് ചെന്നു പറയുക എന്ന് പറയാറുണ്ടല്ലോ. ഇന്നയാൾ നിങ്ങളെ ഇന്ന വിവരമറിയിക്കാൻ എന്നോടു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടായിരിക്കും അയാൾ നിങ്ങളുടെ സന്ദേശം മറ്റേയാൾക്കു നൽകുക. ഈ ആശയത്തെ പ്രതിനിധീകരിക്കുന്നതാണ് ഖുർആനിൽ പ്രവാചകനോട് അല്ലാഹു കൽപിക്കുന്ന قُلْ-കൾ. അതായത് ഞാൻ പറയുന്നത് എന്റെ സ്വാഭിപ്രായമല്ല, മറിച്ച് ഈ വിഷയത്തിൽ നിങ്ങളെ അറിയിക്കാൻ അല്ലാഹു എന്നോട് കൽപിച്ചിട്ടുള്ള കാര്യമാണ്. ഈ മുഖവുര ആ സന്ദേശത്തിന് കൂടുതൽ ഗൗരവവും ഗാംഭീര്യവും നൽകുന്നു. 2) പ്രവാചകന് അല്ലാഹു അയച്ച ഖുർആൻ സൂക്തത്തിന്റെ ഭാഗമാണ് قُلْ- നീ പറയുക- എന്ന വാക്കും. തനിക്കു ലഭിച്ച വചനം അതേപടി പ്രബോധനം ചെയ്യുക പ്രവാചകന്റെ ബാധ്യതയാകുന്നു. തന്റെ വകയായി അതിൽ യാതൊന്നും കൂട്ടാനോ കുറക്കാനോ അദ്ദേഹത്തിന് അധികാരമില്ല. പ്രബോധിതർക്കും അധികാരമില്ല. പ്രവാചകൻ തനിക്കു ലഭിച്ച സൂക്തങ്ങൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ പ്രബോധനം ചെയ്തിരിക്കുന്നുവെന്നതിന്റെയും മുസ്‌ലിം സമൂഹം അപ്രകാരം തന്നെ അത് പഠിച്ചുപോന്നിരിക്കുന്നു എന്നതിന്റെയും തെളിവുമാണ് قُلْ-ന്റെ പാരായണം. ഖുർആൻ മാനുഷികമായ എല്ലാ കൈകടത്തലുകൾക്കും ഭേദഗതികൾക്കും അതീതമായി അതിന്റെ മൗലികരൂപത്തിൽ തന്നെ സുരക്ഷിതമായി നിലനിൽക്കുന്നു എന്നതിന്റെ കൂടി സാക്ഷ്യമാണത്. ●

എന്നാണതിനർഥം. മനുഷ്യനെ അവന്റെ സ്രഷ്ടാവായ സാക്ഷാൽ ദൈവത്തിന്റേതല്ലാത്ത സകലതിന്റെയും അടിമത്തത്തിൽനിന്ന് മോചിപ്പിക്കുക എന്ന ഇസ്‌ലാമിന്റെ അടിസ്ഥാനാദർശത്തെ അട്ടിമറിക്കുന്ന വ്യാഖ്യാനമാണിത്. തൊട്ടടുത്ത സൂക്തത്തിലെ وَأَنِيبُوا إِلَىٰ رَبِّكُمْ وَأَسْلِمُوا لَهُ- നിങ്ങളുടെ നാഥനിലേക്കു മടങ്ങിച്ചെല്ലുവിൻ. അവന്നു സമർപ്പിതരാകുവിൻ- എന്ന വാക്യം തന്നെ ഈ വ്യാഖ്യാനത്തിനു വിരുദ്ധമാകുന്നു. എല്ലാ പ്രവാചകന്മാരും മറ്റു മനുഷ്യരെപ്പോലെ അല്ലാഹുവിന്റെ അടിമകളായിരുന്നു. അവർ ജനങ്ങളെ പ്രബോധനം ചെയ്തതും അല്ലാഹുവിന്റെ മാത്രം അടിമകളായിരിക്കാനാണ്. പ്രവാചകന്മാരുടെ നിലപാട് ഉടമകളുടേതോ യജമാനന്മാരുടേതോ മേലാളന്മാരുടേതോ അല്ലെന്ന് അല്ലാഹു പ്രത്യേകം ഉണർത്തുന്നുമുണ്ട്:

فَذَكِّرْ إِنَّمَا أَنتَ مُذَكِّرٌ ﴿٢١﴾ لَّسْتَ عَلَيْهِم بِمُصَيْطِرٍ ﴿٢٢﴾

(പ്രവാചകൻ പ്രബോധനം ചെയ്യുക; നീ പ്രബോധകൻ മാത്രമാകുന്നു. അവരുടെ മേലധികാരിയൊന്നുമല്ല - 88: 21,22). وَمَا أَنتَ عَلَيْهِم بِوَكِيلٍ (നീ അവരുടെ കൈകാര്യാധികാരിയല്ല -6: 108)

ഖുർആനിലെ നിരവധി സൂക്തങ്ങൾ തുടങ്ങുന്നത് പ്രവാചകനോടുള്ള قُلْ -നീ പറയുക- എന്ന കൽപനയോടുകൂടിയാണ്. ശ്രോതാക്കളുടെ ചോദ്യത്തിന് അല്ലെങ്കിൽ അവരുടെ മനസ്സിലുള്ള സംശയത്തിന് മറുപടിയായും സമൂഹത്തിലുള്ള ചർച്ചയിൽ ഇടപെട്ടുകൊണ്ടും സമൂഹത്തിൽ പ്രചരിക്കുന്ന വിമർശനങ്ങൾക്ക് വിശദീകരണമായും പ്രാർഥനാ വചനങ്ങൾ പഠിപ്പിക്കുന്നതായും വരുന്ന സൂക്തങ്ങളാണ് അവയിലേറെയും. വിശ്വാസികളും അവിശ്വാസികളുമായ ആളുകളിൽ പൊതുവിൽ ഉണ്ടായിരുന്ന ഒരു ഉത്കണ്ഠയും നിരാശയും ദുരീകരിക്കുന്നതാണ് ഈ സൂക്തം. അത്തരം ആളുകൾക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കേണ്ടത് ഇങ്ങ

---

وَأَنِيبُوٓا۟ إِلَىٰ رَبِّكُمْ وَأَسْلِمُوا۟ لَهُۥ مِن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ ﴿٥٤﴾

54. നിങ്ങളുടെ നാഥനിലേക്കു മടങ്ങിച്ചെല്ലുവിൻ. അവന്നു സമർപ്പിതരാകുവിൻ, ശിക്ഷ വന്നു ഭവിക്കും മുമ്പ്; അത് വന്നു കഴിഞ്ഞാൽ ആരാലും നിങ്ങൾ സഹായിക്കപ്പെടുന്നതല്ല.

وَٱتَّبِعُوٓا۟ أَحْسَنَ مَآ أُنزِلَ إِلَيْكُم مِّن رَّبِّكُم مِّن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ بَغْتَةً وَأَنتُمْ لَا تَشْعُرُونَ ﴿٥٥﴾

55. നിങ്ങളിലേക്ക് അവതീർണമായ വിശിഷ്ട വേദം അനുധാവനം ചെയ്യുവിൻ; നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് ആ ശിക്ഷ വന്നെത്തുന്നതിന് മുമ്പായിട്ട്.

**54,55**

وَأَنِيبُوا إِلَىٰ رَبِّكُمْ = നിങ്ങൾ നിങ്ങളുടെ നാഥനിലേക്കു മടങ്ങു(ങ്ങിവരു)വിൻ

وَأَسْلِمُوا لَهُ = അവന്ന് മുസ്‌ലിംകൾ, അനുസരിക്കുന്നവർ, സമർപ്പിതർ ആകുവിൻ

مِن قَبْلِ أَن يَأْتِيَكُمُ الْعَذَابُ = നിങ്ങൾക്ക് ശിക്ഷ വരുന്നതിന് (വന്നുഭവിക്കും) മുമ്പ്

ثُمَّ لَا تُنصَرُونَ = (അത് വന്നുകഴിഞ്ഞാൽ) പിന്നെ (ആരാലും) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല

وَاتَّبِعُوا = നിങ്ങൾ അനുധാവനം ചെയ്യുവിൻ

أَحْسَنَ مَا أُنزِلَ إِلَيْكُم = നിങ്ങളിലേക്ക് അവതീർണമായതിൽ ഏറ്റവും നല്ലതിനെ (വിശിഷ്ട വേദം)

مِّن رَّبِّكُم = നിങ്ങളുടെ നാഥനിൽനിന്ന് مِّن قَبْلِ أَن يَأْتِيَكُمُ الْعَذَابُ بَغْتَةً = പെട്ടെന്ന് ആ ശിക്ഷ വന്നെത്തുന്നതിനു മുമ്പ്

وَأَنتُمْ لَا تَشْعُرُونَ = നിങ്ങൾ ബോധമില്ലാതിരിക്കെ (ഓർക്കാതിരിക്കെ)

## ഖുർആൻ ബോധനം 1139

കരുണാമയനായ അല്ലാഹു എല്ലാവരുടെയും എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കും എന്ന വാഗ്ദാനം പാപം ചെയ്യുന്നവർക്ക് യഥേഷ്ടം അതു തുടരാനുള്ള അനുമതിപത്രമല്ല; മറിച്ച് പാപകൃത്യങ്ങൾ വർജിക്കാനുള്ള പ്രോത്സാഹനവും വർജിക്കാൻ വിസമ്മതിക്കുന്നവർക്കുള്ള താക്കീതുമാണ്. പാപകൃത്യങ്ങൾ നിർഭയം തുടർന്നുകൊള്ളുക, എല്ലാം ഞാൻ പൊറുത്തുകൊള്ളാം എന്നല്ല അല്ലാഹു പറയുന്നത്. പ്രത്യുത ചെകുത്താനെ പിന്തുടരുന്നത് ഉപേക്ഷിച്ച് നിങ്ങളുടെ യഥാർഥ രക്ഷിതാവിലേക്ക് തിരിച്ചുവരികയും ജീവിതം അവന്റെ പ്രീതിക്കു സമർപ്പിക്കുകയും ചെയ്യുക, അതിനു തയാറാവുകയാണെങ്കിൽ പൂർവകാലത്ത് ചെയ്തുപോയ പാപങ്ങളെ ചൊല്ലി ആരും നിരാശപ്പെടേണ്ടതില്ല, എല്ലാം ഞാൻ കാരുണ്യപൂർവം പൊറുത്തുതരാം എന്നാണ്. أَنِيبُوا إِلَىٰ رَبِّكُمْ എന്ന കൽപന നടപ്പിലാവുക നിങ്ങളുടെ നിത്യശത്രുവായ ചെകുത്താനെ വെടിഞ്ഞുപോരുകയും യഥാർഥ രക്ഷകന്നു മാത്രം വഴിപ്പെട്ടു വാഴുകയും ചെയ്യുമ്പോഴാണ്. പ്രവാചകന്മാരെല്ലാം പഠിപ്പിച്ചിട്ടുള്ള اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ - അല്ലാഹുവിന്നു വഴിപ്പെട്ടു വാഴുവിൻ, പൈശാചിക ദുശ്ശക്തികളെ വെടിയുവിൻ- എന്ന ഉപദേശത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. നേരത്തേ നടന്ന തെറ്റായ വഴി വർജിക്കുകയും അതിൽ സഞ്ചരിച്ചതിൽ പശ്ചാത്തപിക്കുകയും ചെയ്തുകൊണ്ട് ശരിയായ വഴി സ്വീകരിക്കുകയാണ് إِنابة. 'അസ്‌ലിമൂ ലഹു'വിനെ അവന്റെ മുസ്‌ലിംകളാവുക എന്നും തർജമ ചെയ്യാവുന്നതാണ്. ഭാഷയിൽ മുസ്‌ലിം ആവുക എന്നാൽ സ്വയം അല്ലാഹുവിനു സമർപ്പിക്കുകയും അവന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിതം നയിക്കുകയുമാകുന്നു. പൈശാചിക സരണികളിൽനിന്ന് അല്ലാഹുവിങ്കലേക്ക് മടങ്ങുന്നത് അല്ലാഹുവിന്റെ ശിക്ഷ വന്നുഭവിക്കുന്നതിനു മുമ്പായിരിക്കണം. പാപമോ പുണ്യമോ ചെയ്യാൻ കഴിവില്ലാത്തവിധം അവശനായിരിക്കുന്നുവെന്നും ഇനി തന്റെ ജീവിതം ജാഹിലീ ശക്തികൾക്കൊന്നും ആവശ്യമില്ലെന്നും ബോധ്യമാകുമ്പോൾ അല്ലാഹുവിങ്കലേക്ക് മടങ്ങിയിട്ടു കാര്യമില്ല. അത്തരം ആളുകൾ ശിക്ഷ വിധിക്കപ്പെട്ടവരാണ്. ദുർവൃത്തികളുടെയും ധർമധിക്കാരത്തിന്റെയും പരകോടിയിലെത്തിയ ചിലരെ അല്ലാഹു ഈ ലോകത്തു തന്നെ ശിക്ഷിക്കും. ആ ശിക്ഷ വന്നുകഴിഞ്ഞ ശേഷം അല്ലാഹുവിലേക്കു മടങ്ങുന്നതും നിഷ്ഫലമാകുന്നു. ഈ ലോകത്തായാലും പരലോകത്തായാലും അല്ലാഹു ശിക്ഷ വിധിച്ചവരെ രക്ഷിക്കാൻ കഴിയുന്നവരാരുമില്ല. അതിനാൽ ആ ദുരവസ്ഥയിലെത്തിപ്പെടുന്നതിനു മുമ്പ് പാപങ്ങളിൽ പശ്ചാത്തപിക്കുകയും അല്ലാഹുവിനു വഴങ്ങാൻ തയാറാവുകയും ചെയ്യുവിൻ. നാഥനിലേക്കു മടങ്ങുന്നതിന്റെയും അവന് ജീവിതം സമർപ്പിക്കുന്നതിന്റെയും പ്രായോഗിക രൂപമാണ് وَاتَّبِعُوا .... مِّن رَّبِّكُم എന്ന വാക്യം വ്യക്തമാക്കുന്നത്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ഏറ്റം വിശിഷ്ടമായത് - أَحْسَنَ مَا أُنزِلَ إِلَيْكُم ഖുർആൻ ആകുന്നു. നേരത്തേ 23-ാം സൂക്തത്തിൽ اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ- അല്ലാഹു അവതരിപ്പിച്ചിട്ടുള്ളത് വിശിഷ്ട ഭാഷണമത്രെ- എന്നു പറഞ്ഞിട്ടുണ്ട്. അതിനെ അനുധാവനം ചെയ്യുക എന്നാൽ അത് പഠിപ്പിക്കുന്ന ആദർശങ്ങളിൽ വിശ്വസിക്കുകയും അനുശാസിക്കുന്ന നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുകയാണ്. ഖുർആനിന്റെ വൈശിഷ്ട്യങ്ങൾ പ്രസ്തുത സൂക്തം വിശദീകരിച്ചിട്ടുമുണ്ട്. ഖുർആനിനെ അനുധാവനം ചെയ്യണം എന്ന് കൽപിച്ചതിൽ ഖുർആനിന് ഉണ്ടെന്ന് നേരത്തേ പറഞ്ഞ വൈശിഷ്ട്യങ്ങൾക്കു പുറമെ വ്യക്തമായ വേറെയും കാരണങ്ങളുണ്ട്:

1) ഖുർആൻ നിങ്ങൾക്കു വേണ്ടിയുള്ളത്, നിങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യത്തിലേക്കു മാർഗദർശനം ചെയ്യുന്നത് ആകുന്നു. അത് إِنَّ هَٰذَا الْقُرْآنَ يَهْدِي لِلَّتِي هِيَ أَقْوَمُ (തീർച്ചയായും ഈ ഖുർആൻ ഏറ്റം നേരായ മാർഗത്തിലേക്ക് നയിക്കുന്നു - 17: 9).

2) അത് നിങ്ങളോ നിങ്ങളെപ്പോലുള്ള ഏതെങ്കിലും മനുഷ്യനോ മറ്റു സൃഷ്ടികളോ അവതരിപ്പിക്കുന്നതല്ല.

مَا أُنزِلَ إِلَيْكُم مِّن رَّبِّكُم (നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങളിലേക്ക് അവതീർണമായതാണ്).

3) ആത്മീയവും ധാർമികവുമായ വിഷയങ്ങളൊക്കെയും വിശദീകരിക്കുന്ന വേദപ്രമാണമാണത്. وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ (പ്രവാചകാ, സകല കാര്യങ്ങൾക്കുമുള്ള വിശദീകരണമായിട്ടാകുന്നു നാം നിനക്ക് ഈ വേദം അവതരിപ്പിച്ചുതന്നിരിക്കുന്നത് -16: 89). 4) പൂർവവേദങ്ങൾ ഉൾക്കൊള്ളുന്നതും ഉൾക്കൊള്ളാത്തതുമായ എല്ലാ വേദതത്ത്വങ്ങളും ഉൾക്കൊള്ളുന്ന അന്തിമവും സമ്പൂർണവുമായ വേദമാണത്. 5) ഈ വേദം മാനുഷികമായ കൈകടത്തലുകൾക്കും ഭേദഗതികൾക്കും നഷ്ടപ്പെടലിനും അതീതമായി മൗലികരൂപത്തിൽ അല്ലാഹു തന്നെ കാത്തു സൂക്ഷിക്കുന്നതാണ്. إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ (ഈ വേദം നാം അവതരിപ്പിച്ചതാകുന്നു. നാം തന്നെയാണതിന്റെ സൂക്ഷിപ്പുകാരനും - 15: 9).

ഇത്രയും വിശേഷപ്പെട്ട വേദഗ്രന്ഥമായ ഖുർആനിനെ അനുധാവനം ചെയ്തുകൊണ്ട് അല്ലാഹുവിലേക്ക് മടങ്ങുന്നത് നീട്ടിവെക്കേണ്ട കാര്യമല്ല. സത്യമാണെന്നു ബോധ്യപ്പെട്ടാൽ ഉടനെ അത് കൈക്കൊള്ളാൻ തയാറാവണം. ഖുർആൻ പറയുന്നതു സത്യം തന്നെ, എങ്കിലും അതു കൈക്കൊള്ളുന്നത് പിന്നീടാവാം. ഇപ്പോൾ അതു സ്വീകരിച്ചാൽ നിലവിൽ തുടർന്നുവരുന്ന പല നടപടികളും വർജിക്കേണ്ടിവരും, അനുഭവിച്ചുകൊണ്ടിരിക്കുന്ന ചില ആനുകൂല്യങ്ങളും സുഖങ്ങളും നഷ്ടപ്പെടുത്തേണ്ടി വരും. അതൊക്കെ വലിയ ബുദ്ധിമുട്ടാണ്. ഇപ്പോൾ ഈ ജീവിതക്രമം തന്നെ തുടരാം. ശിക്ഷ അടുത്തു വരുന്നു, അല്ലെങ്കിൽ മരണം ആസന്നമായിരിക്കുന്നു എന്നു കണ്ടാൽ എല്ലാം ഉപേക്ഷിച്ച് തൗബ ചെയ്ത് അല്ലാഹുവിലേക്കു മടങ്ങാം. ഇങ്ങനെ വിചാരിക്കുന്നത് വ്യാമോഹമാണ്. അല്ലാഹുവിന്റെ ശിക്ഷയിറങ്ങുന്നത് അത് ഏൽക്കുന്നവർക്ക് മുൻകൂട്ടി നോട്ടീസ് നൽകിയിട്ടല്ല. മരണത്തിനും മുന്നറിയിപ്പുണ്ടാവില്ല. നിങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് തികച്ചും ആകസ്മികമായിട്ടായിരിക്കും അത് വന്നു പതിക്കുക. അല്ലാഹു താക്കീതു ചെയ്ത ശിക്ഷയാണീ സംഭവിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള അവസരം പോലും അപ്പോൾ കിട്ടുകയില്ല. എന്നിരിക്കെ തൗബ ചെയ്യാനും അല്ലാഹുവിങ്കലേക്കു മടങ്ങാനും ആർക്കെങ്കിലും സാധിക്കുന്നതെങ്ങനെ? ●


**വീട് വിൽപനക്ക്**

കുറ്റ്യാടി പാലേരി പാറക്കടവ് തോടത്താങ്കണ്ടി ജുമാ മസ്ജിദിന് തൊട്ടടുത്ത് മൂന്ന് ഭാഗത്തും റോഡുള്ള 16 സെന്റ് സ്ഥലത്ത് പുത്തൻവീട് വിൽപനക്ക്.

ആവശ്യക്കാർ ബന്ധപ്പെടുക:

**9400668897**